



ബസ്സിൽ നഗ്നതാ പ്രദർശനം; യുവാവ് പിടിയിൽ

കോഴിക്കോട്: കെ.എസ്.ആർ.ടി.സി ബസിൽ യാത്ര ചെയ്യുന്നതിനിടെ പെൺകുട്ടിക്ക് നേരെ നഗ്നതാ പ്രദർശനം നടത്തിയ യുവാവ് പിടിയിൽ. മാതാപിതാക്കൾക്കൊപ്പം യാത്ര ചെയ്യുകയായിരുന്ന പ്ലസ് ടു വിദ്യാർത്ഥിനിക്ക് നേരെയാണ് യുവാവ് നഗ്നതാ പ്രദർശനം നടത്തിയത്. സംഭവത്തിൽ തമിഴ്നാട് സ്വദേശി ശിവനയ്യയെ പൊലീസ് അറസ്റ്റ് ചെയ്തു. മാനന്തവാടിയിൽ നിന്നും കോഴിക്കോട്ടേക്ക് വരികയായിരുന്ന ബസിൽ വച്ചാണ് സംഭവം. പെൺകുട്ടി ഇരുന്ന സീറ്റിന് സമീപത്തായിരുന്നു ഇയാൾ ഇരുന്നത്. ഇവിടെ ഇരുന്നായിരുന്നു യുവാവ് നഗ്നതാ പ്രദർശനം നടത്തിയതെന്ന് പെൺകുട്ടി പറഞ്ഞു.

യുവാവിന്റെ ശല്യം രൂക്ഷമായതോടെ പെൺകുട്ടി വിവരം മാതാപിതാക്കളെ അറിയിക്കുകയായിരുന്നു. ഇതോടെ ബസ്, പൊലീസ് സ്റ്റേഷനിലേക്ക് എത്തിക്കുകയും യുവാവിനെ കൈമാറുകയുമായിരുന്നു. സംഭവത്തിൽ പൊലീസ് കേസെടുത്തു. യുവാവിനെ വിശദമായി ചോദ്യം ചെയ്ത് വരികയാണെന്ന് പൊലീസ് പറഞ്ഞു.

കെ.എസ്.ആർ.ടി.സിയ്ക്ക് 72 കോടി രൂപ കൂടി

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സിയ്ക്ക് 72.23 കോടി രൂപകൂടി അനുവദിച്ചു. പെൻഷൻ വിതരണത്തിന് കോർപറേഷൻ എടുത്ത വായ്പയുടെ തിരിച്ചടവിനായാണ് തുക നൽകിയത്. കഴിഞ്ഞ ആഴ്ചയിൽ ഇതേ ആവശ്യത്തിന് 71.53 കോടി രൂപ അനുവദിച്ചിരുന്നു. പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ കൺസോർഷ്യത്തിൽനിന്നാണ് പെൻഷൻ വിതരണത്തിനായി കോർപറേഷൻ വായ്പ എടുത്തത്.

ദേശീയ ഉർദു അധ്യാപക അവാർഡ് എൻ.കെ റഫീക്കിന്

കോഴിക്കോട്: 2023-24 ലെ എം.ജി പട്ടേൽ ദേശീയ അധ്യാപക പുരസ്കാരത്തിന് മായനാട് യു.പി സ്കൂളിലെ ഉർദു അധ്യാപകൻ എൻ.കെ റഫീഖ് അർഹനായി. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ഉർദു ഭാഷ പഠിപ്പിക്കുന്ന മികച്ച അധ്യാപകരെയാണ് പുരസ്കാരത്തിന് തിരഞ്ഞെടുക്കുന്നത്. അധ്യാപന രംഗത്തും മറ്റ് സാമൂഹികസാംസ്കാരികസംഘടന രംഗങ്ങളിലെയും മികവ് പരിഗണിച്ചാണ് അവാർഡിന് അർഹത നേടിയത്.

പുല്ലാളൂർ സ്വദേശിയായ ഇദ്ദേഹം 17 വർഷമായി മായനാട് യു.പി സ്കൂളിലാണ്. സ്കൂൾ കലോത്സവങ്ങളിൽ പ്ലാസ്റ്റിക് മുക്തമാക്കുന്നതിന്റെ ഭാഗമായി മൺപാത്രങ്ങളിൽ കുടിവെള്ള വിതരണം എന്ന തണ്ണീർ കൂജ പദ്ധതിയുടെ ശിൽപി കൂടിയാണ് . സെപ്റ്റംബർ 14ന് മഹാരാഷ്ട്രയിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം ഏറ്റുവാങ്ങും.

പുല്ലാളൂർ അമ്മദ് -ആമിന ദമ്പതികളുടെ മകനാണ്. ഭാര്യ അസ്മ. റജാ ഫാത്തിമ, മുഹമ്മദ് രിഫാഅത്ത്,മുഹമ്മദ് റാഫിഹ് എന്നിവർ മക്കളാണ്.

ഇന്ത്യയിലെ ഏറ്റവും വലിയ എയ്റോ ലോഞ്ച് സിയാലിൽ ഒരുങ്ങുന്നു

ഉദ്ഘാടനം ഒന്നിന്

സിയാലിൽ ഉദ്ഘാടനം ചെയ്യാനിരിക്കുന്ന 0484 എയ്റോ ലോഞ്ച്

നെടുമ്പാശ്ശേരി: യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യം ഒരുക്കാൻ വേണ്ടി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് (സിയാൽ)പൂർത്തിയാക്കിയ പുതിയ പദ്ധതിയുടെ ഭാഗമായ 0484 എയ്റോ ലോഞ്ച് മുഖ്യമന്ത്രി പിണറായി വിജയൻ സെപ്റ്റംബർ ഒന്നാം തീയ്യതി ഉദ്ഘാടനം ചെയ്യും.

ഇന്ത്യയിലെ ഏറ്റവും വലിയ എയ്റോലോഞ്ചാണിതെന്ന് സിയാൽ മാനേജിംഗ് ഡയറക്ടർ എസ് .സുഹാസ് പറഞ്ഞു. അര ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 37 മുറികൾ, നാല് സ്യൂട്ടുകൾ, മൂന്ന് ബോർഡ് റൂമുകൾ, രണ്ട് കോൺഫറൻസ് ഹാളുകൾ, കോ വർക്കിംഗ് സ്പേസ്, ജിം, ലൈബ്രറി, റസ്റ്ററന്റ്, സ്പാ, പ്രതേകം കഫേ ലോഞ്ച് എന്നിവ ഇതിൽ ഒരുക്കിട്ടുണ്ട്. യാത്രക്കാർക്കും സന്ദർശകർക്കും കയറാൻ കഴിയുംവിധം എയർപ്പോർട്ടിനുള്ളിൽ സെക്യൂരറ്റി ഹോൾഡ് ഏരിയായ്ക്ക് പുറത്ത് ടെർമിനൽ രണ്ടിന്റെ ഭാഗത്താണ് എയ്റോലോഞ്ച് .കുറഞ്ഞ ചെലവിൽ ആഡംബര സൗകര്യം എന്ന ലക്ഷ്യം മുൻനിറുത്തിയാണ് 0484 എയ്റോ ലോഞ്ച് സജ്ജമാക്കിട്ടുള്ളത്. മിതമായ മണിക്കൂർ നിരക്കുകളിൽ പ്രീമിയം എയർപ്പോർട്ട് സൗകര്യം യാത്രക്കാർക്ക് സാധ്യമാക്കുകയാണ് ലക്ഷ്യം. അഭ്യന്തര അന്താരാഷ്ട്ര ടെർമിനലുകൾക്ക് സമീപമാണിത്.

അകചമയങ്ങളിൽ കേരളത്തിന്റെ പ്രകൃതി സൗന്ദര്യവും കായലും'വള്ളവും സസ്യലതാദികളും രൂപകൽപ്പന ചെയ്തിട്ടുണ്ട്.എറണാകുളം ജില്ലയിലെ എസ്.ടി.ഡി കോഡിലാണ് ഇതിന് നാമകരണം ചെയ്തിട്ടുള്ളത്. രാജ്യാന്തര ടെർമിനലിന്റെ വികസനവും പുതിയ ലോഞ്ചുകളുടെ നിർമ്മാണവും ഫുഡ് കോർട്ടുകളുടെയും നിർമ്മാണവും സിയാലിൽ പുരോഗമിക്കുന്നുണ്ട്. കഴിഞ്ഞ ഒക്ടോബർ മുഖ്യമന്ത്രി നിർമ്മാണോദ്ഘാടനം നിർവഹിച്ച ഏഴ് മെഗാപദ്ധതികളിൽ മൂന്നെണ്ണം ഇതിനകം തുടങ്ങിട്ടുണ്ട് . പുതിയ എയ്റോലോഞ്ച് നാലാമത്തെയാണ്.

ബിസനസ് ജെറ്റ് ടെർമിനൽ തുടങ്ങിയതിനു ശേഷം ചുരങ്ങിയ കാലയളവിനുള്ളിൽ രണ്ടായിരത്തിലധികം സ്വകാര്യ ജെറ്റ് ഇവിടെ കൈകാര്യം ചെയ്തിട്ടുണ്ടന്ന് മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കി. ഉദ്ഘാടന സമ്മേളനത്തിൽ മന്ത്രിമാരായ പി. രാജീവ്, കെ.രാജൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, എം .പിമാരായ ബെന്നി ബെഹന്നാൻ, ഹൈബി ഈഡൻ, ജെബി മേത്തർ, എം.എൽ.എമാരായ അൻവർ സാദത്ത്, റോജി.എം. ജോൺ, സിയാൽ ഡയറക്ടർമാരായ എം.എ. യൂസഫലി, ഇ.കെ. ഭരത് ഭൂഷൻ, അരുണ സുന്ദരരാജൻ, എൻ.വി ജോർജ്, ഇ.എം ബാബു, പി മുഹമ്മദലി എന്നിവർ പങ്കെടുക്കും

ഐ.എസ്.എം സംസ്ഥാന അധ്യാപക സമ്മേളന പ്രഖ്യാപന സമ്മേളനം കെ.എൻ.എം സംസ്ഥാന വൈസ് പ്രസിഡന്റ് എൻ.വി അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യുന്നു

സ്ത്രീത്വത്തെ ആദരിക്കുന്ന സംസ്കാരം വളർന്നു വരണം: ഐ.എസ്.എം സമ്മേളനം

മഞ്ചേരി :തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളിൽ കർശന നിയമനടപടികൾ സ്വീകരിക്കണമെന്ന് ഐ.എസ്.എം സംസ്ഥാന സമിതി മഞ്ചേരിയിൽ സംഘടിപ്പിച്ച അധ്യാപക സമ്മേളനപ്രഖ്യാപന സംഗമം അഭിപ്രായപ്പെട്ടു.

പരിഷ്കാരത്തിന്റെയും പുരോഗമനത്തിന്റെയും പേരിൽ ലിബറൽ ചിന്തകൾ പ്രചരിപ്പിക്കുന്നവർ യഥാർത്ഥത്തിൽ സ്ത്രീകളെ ചൂഷണം ചെയ്യുകയാണെന്ന് സമൂഹം തിരിച്ചറിയണം. മൂല്യബോധമുള്ള സമൂഹത്തെ സൃഷ്ടിക്കുന്നതിൽ അധ്യാപക സമൂഹം ശക്തിയായി പ്രവർത്തിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. കാവലാവുക എന്ന പ്രമേയത്തിൽ ഒക്ടോബർ 12ന് മഞ്ചേരിയിൽ സംസ്ഥാന അധ്യാപക സമ്മേളനം സംഘടിപ്പിക്കും. കെ.എൻ.എം സംസ്ഥാന വൈസ് പ്രസിഡന്റ് എൻ.വി അബ്ദുറഹ്മാൻ പ്രഖ്യാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

കേരള ജംഇയ്യത്തുൽ ഉലമ സെക്രട്ടറി ഹനീഫ് കായക്കൊടി മുഖ്യ പ്രഭാഷണം നടത്തി. ഐ.എസ്.എം സംസ്ഥാന പ്രസിഡന്റ് ശരീഫ് മേലേതിൽ അധ്യക്ഷനായി. കെ.എൻ.എം സംസ്ഥാന വൈസ് പ്രസിഡന്റ് സി മുഹമ്മദ് സലിം സുല്ലമി, സെക്രട്ടറി എം.ടി അബ്ദുസ്സമദ് സുല്ലമി, ഡോ.പി.പി അബ്ദുൽ ഹഖ്, ഐ.എസ്.എം സംസ്ഥാന ജനറൽ സെക്രട്ടറി ഷുക്കൂർ സ്വലാഹി, ട്രഷറർ കെ.എം.എ അസീസ്, ജലീൽ മാമാങ്കര, ബരീർ അസ്‌ലം, ശാഹിദ് മുസ് ലിം, ടി യൂസുഫലി സ്വലാഹി, പി.കെ അബ്ദുല്ല ഹാജി, റഹ്മത്തുല്ല സ്വലാഹി, തൻസീർ സലാഹി, വി.സി ശൗക്കത്ത്, എം ജുനൈദ് പ്രസംഗിച്ചു.

ഏകവിള തോട്ടങ്ങളെ ഘട്ടംഘട്ടമായി ഉന്മൂലനം ചെയ്യണം: മാധവ് ഗാഡ്ഗിൽ

കോഴിക്കോട്: വനത്തിൽ നിന്നും ഏകവിള തോട്ടങ്ങളെ ഘട്ടം ഘട്ടമായി ഉന്മൂലനം ചെയ്യണമെന്ന് പ്രൊഫ. മാധവ് ഗാഡ്ഗിൽ. ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ട് ഗ്രാമസഭകൾക്ക് അവയുടെ പരിധിക്കുള്ളിലെ വികസനം തീരുമാനിക്കുന്നതിന് പൂർണ്ണ അവസരം നൽകുന്ന രീതിയിലാണ് ശിപാർശ ചെയ്തിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു. കോഴിക്കോട് നടന്ന ശിൽപശാല ഓൺലൈനായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഗ്രീൻ മൂവ്മെന്റ് സംസ്ഥാന ജനറൽ സെക്രട്ടറി ടി.വി രാജൻ മോഡറേറ്ററായിരുന്നു. സി.കെ വിഷ്ണുദാസ്, പ്രസാദ് സോമരാജൻ, ഡോ. ഡിലിസ് ഡേവിസ്, ഇ.പി അനിൽ, എൻ. ബാദുഷ, ഡോ.എസ്. ആശാ പ്രഭാകരൻ, ഡോ.അജോയ് കുമാർ, എൻ.സുബ്രഹ്മണ്യൻ, പി.ടി.ജോൺ, വർഗ്ഗീസ് വട്ടേക്കാട്ടിൽ, വിജയ രാഘവൻ ചേലിയ, പി.രമാദേവി എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. എ. സുഗന്ധി, അൻവർ ഷെരീഫ്, മനോജ് ബാലുശ്ശേരി, കെ.എ വർഗ്ഗീസ്, മുസ്തഫ മമ്പാട് സംസാരിച്ചു.

ആര്യ എഡിഗ രാഷ്ട്രിയ മഹാ മണ്ഡലി ദേശീയ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഡെപ്യൂട്ടി കമ്മീഷണർ പ്രകാശ് രാജിന് അഖിലേന്ത്യാ പ്രസിഡന്റ് ഡോ. പ്രണവാനന്ദ സാമിജി നിവേദനം നൽകുന്നു. അഖിലേന്ത്യാ സെക്രട്ടറി അഡ്വ. എം. രാജൻ സമീപം

ഷിരൂർ ദുരന്തം: നഷ്ടപരിഹാരം ആവശ്യപ്പെട്ട് കലകടറേറ്റിന് മുന്നിൽ ധർണ നടത്തി

കാർവാർ: ഷിരൂർ ദുരന്തത്തിൽ മരണപ്പെട്ട കുടുംബങ്ങൾക്കു മതിയായ നഷ്ടപരിഹാരവും സർക്കാർ സർവ്വിസിൽ ജോലിയും കുറ്റക്കാരായ കമ്പനി ഉടമകൾക്കെതിരെ കടുത്ത നടപടിയും സ്വീകരിക്കണമെന്ന് ആര്യ എഡിഗാ രാഷ്ട്രിയ മഹാ മണ്ഡലി അഖിലേന്ത്യാ പ്രസിഡന്റ് ഡോ. പ്രണവാനന്ദ സ്വാമിജി ആവശ്യപ്പെട്ടു.

വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടു കാർവാർ ജില്ലാ കലക്ടറേറ്റ് പടിക്കൽ നടന്ന ധർണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കമ്പനി ഓരോ കുടുംബത്തിന്നും ഒരു കോടി നൽകുക കേന്ദ്ര സർക്കാർ 10 ലക്ഷം രൂപ കർണാടക 25 ലക്ഷം രൂപ വീതം നൽകുക, തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു. കാണാതായവരുടെ കുടുംബങ്ങൾ ധർണയിൽ പങ്കെടുത്തു. ജില്ലാ കലക്ടർക്കു വേണ്ടി ഡെപ്യൂട്ടി കമ്മീണർ പ്രകാശ് രാജ്പുട്ട് നേരിട്ട് ധർണ സ്ഥലത്തേക്ക് വന്ന് നിവേദനം സ്വീകരിച്ചു. ആര്യ എഡിഗ രാഷ്ട്രിയ മഹാ മണ്ഡലി ദേശീയ സെക്രട്ടറി അഡ്വ. എം രാജൻ പ്രഭാഷണം നടത്തി.

ആക്ഷൻ കമ്മിറ്റി രൂപീകരിച്ചു

കോഴിക്കോട്: കർണാടകയിൽ ഷിരൂരിൽ കാണാതായ അർജുനെയും ലോറിയെയും കണ്ടെത്താനായി ഉള്ള ശ്രമങ്ങൾ ഊർജിതമാക്കുക എന്ന ആവശ്യത്തിന് ആക്ഷൻ കമ്മിറ്റി രൂപീകരിച്ചു. ഭാരവാഹികൾ: പരാണ്ടി മനോജ് (ചെയ.), എൻ. കെ.സി ബഷീർ, ജലീൽ കണ്ണൂർ, ഷാജു അൽമന, ശ്യാം കൃഷ്ണൻ തിക്കോടി (വൈസ്. ചെയ.). നൗഷാദ് തെക്കയിൽ (ജന. കൺ), വിനോദ് മേക്കോത്ത്, അഷ്റഫ് എടക്കാട്, സുരേഷ്. കെ, മുഹമ്മദലി താമരശേരി (ജോ. കൺ.), കെ.കെ ഹംസ (ട്രഷ.).

കന്നുകാലി സെൻസസ് പരിശീലന പരിപാടിയ്ക്ക് ഇന്ന് തുടക്കം

തിരുവനന്തപുരം: 21 മത് കന്നുകാലി സെൻസസിന്റെ ഭാഗമായുള്ള സംസ്ഥാനതല പരിശീലന പരിപാടിയ്ക്ക് ഇന്ന് തുടക്കമാകും. ജില്ലാ പഞ്ചായത്ത് ഹാളിൽ ഉച്ചയ്ക്ക് 12ന് നടക്കുന്ന പരിപാടി മന്ത്രി ജെ ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും. തുടർന്നു 31 ന് എല്ലാ ജില്ലകളിലും ജില്ലാതല പരിശീലന പരിപാടികളും സംഘടിപ്പിക്കും.

ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു

കോവളം:കല്ലിയൂർ കുടുംബ ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാർക്ക് സുരക്ഷ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.വിഴിഞ്ഞം ഫയർ ആന്റ് ഓഫീസർമാരായ സന്തോഷ് കുമാർ,ബിനു എന്നിവർ സുരക്ഷാ ക്ലാസുകൾ നൽകി.അഗ്നി സുരക്ഷ, ജലസുരക്ഷ, വിവിധ അപകടവേളകളിലെ രക്ഷാപ്രവർത്തനരീതികൾ എന്നിവയാണ് ക്ലാസുകളിൽ ഉൾപ്പെടുത്തിയത് മെഡിക്കൽ ഓഫീസർ. ഡോ .അനുഷ കോഡിനേറ്റർ സൗമ്യ എന്നിവർ നേതൃത്വം നൽകി.

കല്ലിയൂർ കുടുംബ ആരോഗ്യകേന്ദ്രത്തിലെ ജീവനക്കാർക്കായി വിഴിഞ്ഞം ഫയർ സ്റ്റേഷനിലെ ഉദ്യോഗസ്ഥർ സുരക്ഷ ബോധവൽക്കരണ ക്ലാസെടുക്കുന്നു

വ്യവസായ വാണിജ്യ വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

പൊതു - പരമ്പരാഗത മേഖലകളിലെ
ഉൽപന്ന വിപണനത്തിനായി പുതിയ
ഇ-കൊമേഴ്സ് പോർട്ടൽ

Kerala's Own Shoppe
K Shoppe

GOlive
KShoppe portal

ഉദ്ഘാടനം
ശ്രീ. പി രാജീവ്
ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി
2024 ആഗസ്റ്റ് 29 ഉച്ചക്ക് 12 മണിക്ക്
ഹൈസിന്ത് ഹോട്ടൽ, തിരുവനന്തപുരം

ഗുണമേന്മയുള്ള ഉൽപന്നങ്ങൾ
മിതമായ വിലയിൽ
നിങ്ങളുടെ പടിവാതിലിലെത്തുന്നു.

കെഷോപ്പിയോടൊപ്പം
ഷോപ്പിംഗ് സ്മാർട്ടാക്കൂ...

BPT Board for Public Sector Transformation

D Ads

കേരള സംസ്ഥാന ഭാഗ്യക്കുറി FIFTY-FIFTY FF-108 DRAW RESULT 28/08/2024

ഒന്നാം സമ്മാനം ₹1 കോടി FW 188982 (എറണാകുളം)

സമാശ്വാസ സമ്മാനം ₹ 8000: FN 188982 FO 188982 FP 188982 FR 188982 FS 188982 FT 188982 FU 188982 FV 188982 FX 188982 FY 188982 FZ 188982

കേരള ഭാഗ്യക്കുറി

രണ്ടാം സമ്മാനം ₹10 ലക്ഷം FP 734450 (പുനലൂർ)

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

മൂന്നാം സമ്മാനം ₹5000: 1827 2859 3167 3381 3741 3937 3939 3941 3962 4016 4071 4742 4992 5050 5122 6251 6785 6824 6838 6974 7996 8491 8974

നാലാം സമ്മാനം ₹2000: 1170 2106 4512 4709 5988 6487 6734 6971 7167 9206 9292 9550

അഞ്ചാം സമ്മാനം ₹1000: 0034 0233 0448 0839 1049 1223 1550 2242 3171 3404 4391 5037 5126 5413 5424 6061 6584 7124 7976 8061 8696 9457 9760 9845

ആറാം സമ്മാനം ₹500: 0017 0089 0137 0278 0318 0560 0565 0572 0584 0585 0678 0851 0883 0918 0964 1139 1210 1213 1301 1354 1361 1422 1571 1700 1733 1854 1855 1886 2008 2182 2358 2392 2408 2591 2657 2700 2725 2797 2850 3005 3089 3657 3681 3711 3763 3809 3888 3980 4487 4583 4895 4986 5161 5589 5756 5826 5877 5889 5943 5958 6081 6201 6456 6492 6531 6719 6947 6999 7062 7169 7172 7192 7693 7749 7800 7834 7937 8022 8198 8230 8331 8370 8406 8726 8769 8854 8949 9018 9122 9147 9153 9241 9305 9616 9932 9937

ഏഴാം സമ്മാനം ₹100: 0056 0139 0236 0238 0255 0372 0574 0588 0702 0728 0978 1015 1107 1257 1405 1529 1642 1742 1814 2128 2134 2275 2327 2345 2398 2441 2513 2609 2627 2665 2926 3120 3154 3179 3193 3211 3387 3440 3513 3576 3621 3701 3860 3901 3990 4062 4164 4372 4379 4491 4536 4680 4764 4804 4917 4936 5013 5081 5360 5470 5616 5693 5710 5772 5825 5898 5936 5966 5969 6015 6034 6158 6203 6226 6274 6380 6406 6530 6569 6585 6606 6753 6791 6794 6829 7000 7054 7061 7102 7130 7227 7269 7327 7399 7429 7548 7562 7654 7674 7743 7748 7792 8021 8116 8164 8181 8285 8302 8484 8515 8545 8780 8916 8939 8987 8997 9057 9141 9249 9255 9301 9433 9538 9540 9575 9899

രാജ് കപൂർ
ജോ. ഡയരക്ടർ,

നറുക്കെടുപ്പ് ഫലം വിശദമായറിയാൻ www.statelottery.kerala.gov.in

ICICI Home Finance
രജിസ്റ്റേർഡ് ഓഫീസ്: ഐസിഐസിഐ ബാങ്ക് ടവേഴ്സ്, ബാന്ദ്ര-കുർള കോംപ്ലക്സ്, ബാന്ദ്ര (ഈസ്റ്റ്) മുംബൈ - 400051
കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ എച്ച് എഫ് സി ടവർ, അന്ധേരി കുർള റോഡ്, ജെ ബി നഗർ, അന്ധേരി (ഈസ്റ്റ്) മുംബൈ - 400059
ശാഖ ഓഫീസ്: ഷോപ്പ് നമ്പർ 2/30, ഒന്നാം നില, T.C. VII/673/1-4(2 MG കോർപ്പറേറ്റ് സെന്റർ, മെഡിക്കൽ കോളേജ് പി ഒ, ഉള്ളൂർ, തിരുവനന്തപുരം, കേരളം 695011

പ്രൊവിസോ റൂൾ 8(6) കാണുക സ്ഥാവരവസ്തുവിന്റെ വിൽപനയ്ക്കുള്ള വിൽപന നോട്ടീസ്

2002 ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെൻ ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ, പ്രൊവിസോ റൂൾ 8(6) ചേർത്തു വായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപനയ്ക്കുള്ള ഇ-ലേല വിൽപന നോട്ടീസ്. വായ്പ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ ജപ്തി ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ "എവിടെയാണോ ഉള്ളത്" "എന്താണോ ഉള്ളത്" "എങ്ങനെയാണോ ഉള്ളത്" അതുപോലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു

Sr. No.	വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ/ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	വസ്തു പരിശോധന തീയതിയും സമയവും	ലേല തീയതി, സമയം	ലേല തീയതിക്ക് ഒരു ദിവസം മുമ്പ്	സർഫേസി സ്റ്റേജ്
(A)	(B)	(C)	(D)	(E)	(F)	(H)	(I)	(J)
1	സനിൽ കുമാർ എസ് (വായ്പക്കാരൻ) ശരണ്യാമോൾ ജി (സഹവായ്പക്കാരി) LHTVM00001370147 & LHTVM00001370651	കെട്ടിടം നമ്പർ 37/371, റീ സർവ്വെ നമ്പർ 94/42, ബ്ലോക്ക് നമ്പർ 24, പഴയ സർവ്വെ നമ്പർ 3904/21-1, വട്ടിയൂർക്കാവ് വില്ലേജ്,തിരുവനന്തപുരം താലൂക്ക്, തിരുവനന്തപുരം ജില്ല.	Rs.2564434.99 As on 22nd August,'24	Rs. 25,01,549 Rs. 25,75,800	23rd Sept,'24 11AM - 3PM	1st Oct,'24 2PM - 3PM	30th Sept,'24	ഭൗതികമായ ജപ്തി

ശ്രീറാം ഓട്ടോ മാൾ ഇന്ത്യ ലിമിറ്റഡിന്റെ (യൂ ആർ എൽ ലിങ്ക് eauctions.samil.in) വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക സ്ഥലം ജാമ്യമായി നൽകിയവർക്ക് സെപ്തംബർ 30, 2024 വൈകിട്ട് 5 മണിവരെ മുഴുവൻ തുകയും തിരിച്ചടക്കുന്നതിനുള്ള അവസരം നൽകും പണം തിരിച്ചടച്ചില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ജാമ്യവസ്തു വിൽപന ചെയ്യുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വില നിരതദ്രവ്യം (ഇഎംഡി), ആർ ടി ജിഎസ് /ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം ഇ യിൽ പരാമർശിക്കുന്ന വിധം) എന്നിവ സഹിതം അടച്ച കവറിൽ ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് എന്ന മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലേക്ക് സെപ്തംബർ 30, 2024 വൈകിട്ട് 4 മണിക്കുമുമ്പായി അയക്കേണ്ടതാണ്. താത്പര്യമുള്ള ബിഡ്ഡർമാർ രജിസ്ട്രേഷൻ ഫോമിന്റെയും ബിഡ് ടേംസ് ആൻഡ് കണ്ടീഷൻ ഫോമിന്റെയും ഒപ്പിട്ട കോപ്പി ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് എന്ന മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലേക്ക് സെപ്തംബർ 30, 2024 വൈകിട്ട് 5 മണിക്കുമുമ്പായി അയക്കേണ്ടതാണ്, നിരതദ്രവ്യം തുക, ഡിമാന്റ് ഡ്രാഫ്റ്റ് (ഡിഡി) എന്നിവ നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്- ലേലം തിരുവനന്തപുരത്ത് മാറാവുന്ന വിധത്തിലായിരിക്കണം കൂടുതൽ വിശദാംശങ്ങൾക്കും വസ്തുപരിശോധിക്കുന്നതിനെക്കുറിച്ചോ ടെൻഡർ സമർപ്പിക്കുന്നതിനെക്കുറിച്ചോ ഏതെങ്കിലും വിധത്തിലുള്ള സംശയങ്ങൾ ഉള്ളവർക്കും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ 9920807300 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

താഴെ ഒപ്പിട്ടിരിക്കുന്ന അംഗീകൃത ഓഫീസർക്ക് ഓഫറുകൾ അല്ലെങ്കിൽ ടെൻഡറുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കാനും സ്വീകരിക്കാനും നിർദ്ദേശിക്കാൻ അധികാരമുണ്ട്. വിശദമായ വ്യവസ്ഥകൾക്കും നിർദ്ദേശങ്ങൾക്കുമായി ഐ സി ഐ സി ഐ ബാങ്ക് ലിമിറ്റഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക https://www.icicihfc.com/

അംഗീകൃത ഓഫീസർ
തീയതി: 29.08.2024, സ്ഥലം: കേരളം
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് | CIN Number U65922MH1999PLC120106

ചന്ദ്രിക ക്ലാസിഫൈഡ്സ്

അധ്യാപക ഒഴിവ്

കൊണ്ടോട്ടി ഇ.എം.ഇ.എ ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ എച്ച്.എസ്.എസ്.ടി ജൂനിയർ (പൊളിറ്റിക്കൽ സയൻസ്), എച്ച്.എസ്.എസ്.ടി ജൂനിയർ (ഹിസ്റ്ററി) എന്നീ തസ്തികയിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു. അപേക്ഷയും സ്വയം സാക്ഷ്യപ്പെടുത്തിയ യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പും 12.09.2024 തീയതിക്കു മുമ്പ് താഴെപ്പറയുന്ന മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

**കോർപ്പറേറ്റ് മാനേജർ,
ഇ.എം.ഇ.എ കോർപ്പറേറ്റ്
എജുക്കേഷണൽ ഏജൻസി,
കുമ്മിണിപ്പറമ്പ് പി.ഒ,
കൊണ്ടോട്ടി - 673638**

CHANGE OF NAME

I, SABEENA, holder of Passport Number M6567522 do hereby change my name to (Given Name) SABEENA.Z(Surname) SHAHABDEENas per my Adhaar Number 750781291309 for all purposes.I also undertake to effect the change in all my other public documents.